## 136

*രീതി: വന്ദനം യേശുപരാ*

വന്ദിച്ചിടുവിനിന്നു സോദരരേ, വന്ദിതനേശുവിനെ
നന്ദിയിന്നുള്ളങ്ങളാൽപാടി വാഴ്ത്തു വന്ദിതനാമവനെ

1 പാപത്തിന്നന്ധതയിൽ പാടുപെട്ട പാപിയെ സ്നേഹിച്ചവൻ
പാരിതിൽ പാടുപെട്ടു നാഥൻ നിന്റെ
പാപങ്ങൾ പോക്കിടുവാൻ-

2 പാപമറിയാത്തവൻ പാപികൾക്കായ് പാപമായ് തീർന്നതിനാൽ
പാപത്തിൻ ബന്ധനത്തിൻ മോചനം
നാം പ്രാപിച്ചു വൻ കൃപയാൽ-

3 ഏകജാതനെ തകർപ്പാനിഷ്ടമായ് എന്നെയും സ്നേഹിച്ചതാൽ
പിതാവിന്നീ മഹാസ്നേഹം നാമോർത്തു
സ്തുതിക്കണമവനെ-

4 സ്വർഗ്ഗത്തിൻ സാരമവൻ താണുവന്നു മന്നിൽ മനുജനെപ്പോൽ
സ്വർഗ്ഗഭാഗ്യവും തന്നു നരരെയും
സ്വർഗ്ഗീയരാക്കിടുവാൻ-

5 ഈ മഹൽ ഭാഗ്യാംശികൾ ആയിടുന്നോ രേവരുമേ സ്തുതിപ്പിൻ
പാപത്തിൻ പ്രായശ്ചിത്തം ആയിടുന്ന
കുഞ്ഞാടാമേശുവിനെ- **T.C.V.**